# EWS സംവരണം- കേന്ദ്ര സംസ്ഥാന മാനദണ്ഡങ്ങൾ- സംക്ഷിപ്തം

| ക്രമ നമ്പർ | ഇനം | കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടവ | സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ടവ |
|---|---|---|---|
| 1 | ബന്ധപ്പെട്ട ഉത്തരവുകൾ | (1) OM No; 36039/01/2019- Estt(Res) Dated; 31.01.2019<br>(2) GO (MS) no. 52/2019/GAD Dated: 14.03.2019 | (1) GO (MS) 2/2020/P&ARD Dtd 12.02.2020<br>(2) GO (MS) 5/2020/P&ARD Dtd 03.03.2020<br>(3) GO (MS) 23/2022/P&ARD Dtd 04.10.2022 |
| 2 | സംവരണ ശതമാനം | (a)കേന്ദ്ര സർക്കാർ സിവിൽ തസ്തികയിലെ നിയമനത്തിന് 10 ശതമാനം സംവരണം<br>(b) കേന്ദ്ര സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിന് 10 ശതമാനം സംവരണം | (a) സംസ്ഥാന സർക്കാർ തസ്തികയിലേക്കുള്ള നിയമനത്തിന് 10 ശതമാനം സംവരണം<br>(b) സംസ്ഥാന സർക്കാരിന് ഭൂരിപക്ഷം ഓഹരികൾ ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനത്തിന് 10 ശതമാനം സംവരണം<br>(c) ന്യൂനപക്ഷ പദവിയില്ലാത്തതും മറ്റ് പിന്നാക്ക വിഭാഗക്കാർക്ക് സംവരണം അനുവദിച്ചുവരുന്നതുമായ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പ്രവേശനത്തിന് 10 ശതമാനം സംവരണം. |
| 3 | വിഭാഗം | സംവരണം ലഭിച്ചുകൊണ്ടിരിക്കുന്ന പട്ടിക ജാതി/പട്ടിക വർഗ്ഗ മറ്റ് പിന്നാക്ക വിഭാഗം എന്നിവയിൽ ഉൾപ്പെടാത്തവർ | സംവരണം ലഭിച്ചുകൊണ്ടിരിക്കുന്ന പട്ടിക ജാതി/പട്ടിക വർഗ്ഗ മറ്റ് പിന്നാക്ക വിഭാഗം എന്നിവയിൽ ഉൾപ്പെടാത്തവർ കൂടാതെ ജാതി മത രഹിതമായി ജീവിച്ചു വരുന്നവർ (19.10.2021-ലെ Rev .T2/379/2020 നമ്പർ സർക്കാർ കത്ത്. |
| 4 | കുടുംബ വരുമാന പരിധി | എട്ട് ലക്ഷം (8,00000/-) രൂപയിൽ കുറവ് | നാല് ലക്ഷം (400000/-) രൂപയോ അതിൽ കുറവോ |

| | | | |
|---|---|---|---|
| 5 | വരുമാന സ്രോതസ് | കുടുംബത്തിന്റെ ആകെ വാർഷിക വരുമാനം. ഇതിൽ കൃഷി, വ്യാപാരം, വാണിജ്യം, തൊഴിൽ തുടങ്ങി എല്ലാ മേഖലകളിൽനിന്നും ലഭിക്കുന്ന വരുമാനവും ഉൾപ്പെടും. | കുടുംബത്തിന്റെ വാർഷിക വരുമാനത്തിൽ ചുവടെ പരാമർശിച്ചിരിക്കുന്ന സ്രോതസുകളിൽ കൂടി അല്ലാതെ ലഭിക്കുന്ന എല്ലാ വരുമാനങ്ങളും ഉൾപ്പെടും.<br>1) മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിലെ പരിധി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഹൗസ് പ്ളോട്ടുകളിൽ നിന്നുള്ള കാർഷിക വരുമാനം<br>2) സാമൂഹ്യ സുരക്ഷാ പെൻഷൻ<br>3) കുടുംബ പെൻഷൻ<br>4)തൊഴിലില്ലായ്മാവേതനം<br>5) ഉത്സവ ബത്ത<br>6) വിരമിക്കൽ ആനുകൂല്യങ്ങൾ<br>7) യാത്രാ ബത്ത |
| 6 | വരുമാനം കണക്കാക്കുന്ന കാലയളവ് | അപേക്ഷ സമർപ്പിക്കുന്ന വർഷത്തിന്റെ തൊട്ടു മുൻപുള്ള സാമ്പത്തിക വർഷം | അപേക്ഷ സമർപ്പിക്കുന്ന് വർഷത്തിന്റെ തൊട്ടു മുൻപുള്ള സാമ്പത്തിക വർഷം |
| 7 | കുടുംബത്തിന്റെ നിർവചനം | അപേക്ഷകൻ/അപേക്ഷക, അപേക്ഷകയുടെ/അപേക്ഷകന്റെ മാതാപിതാക്കൾ, 18 വയസിൽ താഴെ പ്രായമുള്ള സഹോദരൻ, സഹോദരി, ജീവിത പങ്കാളി, 18 വയസിൽ താഴെയുള്ള മക്കൾ | അപേക്ഷകൻ/അപേക്ഷക, അപേക്ഷകയുടെ/അപേക്ഷകന്റെ മാതാപിതാക്കൾ 18 വയസിൽ താഴെ പ്രായമുള്ള സഹോദരൻ, സഹോദരി, ജീവിത പങ്കാളി, 18 വയസിൽ താഴെയുള്ള മക്കൾ (ദത്തെടുത്ത കുട്ടികൾ ഉൾപ്പടെ) |
| 8 | അപേക്ഷകന്റെയോ കുടുംബത്തിന്റെയോ ഉടമസ്ഥതയിലുള്ള ഭൂവിസ്തീർണ്ണം റസിഡൻഷ്യൽ ഫ്ളാറ്റ് /റസിഡൻഷ്യൽ പ്ളോട്ട് എന്നിവ സംബന്ധിച്ച നിബന്ധനകൾ. | EWS ആയി കണക്കാക്കപ്പെടാത്തവർ<br>1) 5 ഏക്കർ ഭൂമിയോ അതിൽ കൂടുതലോ വിസ്തീർണ്ണമുള്ള കൃഷി ഭൂമി കൈവശമുള്ള കുടുംബം<br>2) 1000 ചതുരശ്ര അടിയോ അതിനു മുകളിലോ (92.903 ച.മീ) വരെ വിസ്തീർണ്ണമുള്ള റസിഡൻഷ്യൽ ഫ്ളാറ്റ് കൈവശമുള്ള കുടുംബം<br>3) നോട്ടിഫൈഡ് മുൻസിപ്പാലിറ്റികളിൽ 100 ച.അടി (2.066 സെന്റ്) മുകളിലോ വിസ്തീർണ്ണമുള്ള ഹൗസ് പ്ളോട്ട് കൈവശമുള്ള കുടുംബം<br>4)മുൻസിപ്പൽ ഏര്യ അല്ലാത്ത പ്രദേശങ്ങളിൽ 200 ച.യാർഡോ അതിനു മുകളിലോ (4.13 സെന്റ്) വിസ്തീർണ്ണമുള്ള ഹൌസ് പ്ലോട്ട് കൈവശമുള്ള കുടുംബം<br>5) ഒരു കുടുംബത്തിന് വിവിധ പ്രദേശങ്ങൾ/ജില്ല/സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെല്ലാമുള്ള വസ്തു വകകളും ചേർത്ത് ഒറ്റ യൂണിറ്റായി പരിഗണിച്ചാണ് EWS സ്റ്റാറ്റസിനുള്ള ഭൂവിസ്തൃതിയുടെ പരിധി നിർണ്ണയിക്കുന്നത്. | EWS ആയി കണക്കാക്കപ്പെടാത്തവർ<br>1, അപേക്ഷകന്റ കുടുബ ഭൂസ്വത്ത് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലാണെങ്കിൽ 2.5 ഏക്കറിലും, മുനിസിപ്പൽ പ്രദേശങ്ങളിലാണെങ്കിൽ 75 സെന്റിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലാണെങ്കിൽ 50 സെന്റിലും അധികം കൈവശമുള്ള കുടുംബം<br>a, ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും, മുനിസിപ്പൽ അല്ലെങ്കിൽ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷകന്റെ കുടുംബത്തിന് ഭൂസ്വത്ത് ഉണ്ടെങ്കിൽ അതിന്റെ ആകെ ഭൂവിസ്തൃതി 2.5 ഏക്കറിൽ അധികരിക്കാൻ പാടില്ല.<br>b, മുനിസിപ്പൽ പ്രദേശങ്ങളിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷകന്റെ കുടുംബത്തിന് ഭൂസ്വത്ത് ഉണ്ടെങ്കിൽ അതിന്റെ ആകെ ഭൂവിസ്തൃതി 75 സെന്റിൽ അധികരിക്കാൻപാടില്ല. |

| | | | |
|---|---|---|---|
| | | | c, ഭൂവിസ്തൃതി കണക്കാക്കുന്നതിന് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഭൂമി കണക്കിലെടുക്കുന്നതാണ്.<br>d, 'ഭൂമി' (Land) എന്നതിൽ എല്ലാത്തരം ഭൂമിയും ഉൾപ്പെടും.<br>2, ആകെ ഹൗസ്പ്ലോട്ടിന്റെ വിസ്തൃതി മുനിസിപ്പൽ പ്രദേശങ്ങളിൽ<br><br>20 സെന്റിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 15 സെന്റിലും അധികം കൈവശമുള്ള കുടുംബം.<br>a, കുടുംബത്തിന് ഒന്നിലധികം ഹൗസ് പ്ലോട്ട് കൈവശമുണ്ടെങ്കിൽ അവയെല്ലാം കൂട്ടിച്ചേർത്തായിരിക്കും പ്ലോട്ടിന്റെ വിസ്തൃതി കണക്കാക്കുക.<br>b, കുടുംബത്തിന് മുനിസിപ്പൽ പ്രദേശങ്ങളിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലും ഹൗസ് പ്ലോട്ട് ഉണ്ടെങ്കിൽ അവ കൂട്ടിച്ചേർത്ത് കണക്കാക്കിയാൽ വിസ്തൃതി 20 സെന്റിൽ അധികരിക്കാൻ പാടില<br>c, 'ഹൗസ് പ്ലോട്ട്' എന്നാൽ വീട് നിൽക്കുന്നതോ, വീട് നിർമ്മിക്കുവാൻ കഴിയുന്നതോ ആയ ഭൂമി എന്നർത്ഥം.<br>3, അന്ത്യോദയ അന്നയോജനാ (AJY) Priority House hold (PHH) വിഭാഗങ്ങളിൽപ്പെടുന്ന റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള സംവരണേതര വിഭാഗക്കാർ (വരുമാനം, ഭൂസ്വത്ത്, വീട് തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിക്കാതെതന്നെ) സംവരണാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും. |
| 9 | സർട്ടിഫിക്കറ്റ് നൽകാൻ ചുമതലപ്പെട്ട അധികാരി | തഹസിൽദാർ/ ആർ.ഡി.ഒ | വില്ലേജ് ഓഫീസർ |
| 10 | അപ്പീൽ അധികാരി | ആർ.ഡി.ഒ/ജില്ലാ കളക്ടർ/ജില്ലാ മജിസ്ട്രേറ്റ്. | തഹസീൽദാർ |
| 11 | പുനപരിശോധനാധികാരി | കേന്ദ്ര സർക്കാർ വകുപ്പുകളിലെ പരാതി പരിഹാര ഓഫീസർ | ആർ.ഡി.ഒ |

| | | | |
|---|---|---|---|
| 12 | EWS<br>സംവരണം പ്രാബല്യ തീയതി. | 01.02.2019 ന് ശേഷം പുറപ്പെടുവിക്കുന്ന നോട്ടിഫിക്കേഷനുകൾക്ക്. | 03.01.2020 |
| 13 | അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ | അപേക്ഷകന്റെയും മാതാപിതാക്കളുടെയും സ്കൂൾ സർട്ടിഫിക്കറ്റ്, കരം അടച്ച രസീത്, റേഷൻ കാർഡ്, മാതാപിതാക്കൾ ജോലിയുള്ളവരാണെങ്കിൽ അവരുടെ ശമ്പള സർട്ടിഫിക്കറ്റ്, കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തു വകകളുടെ വിശദാംശങ്ങൾ അടങ്ങുന്ന സത്യവാങ്മൂലം. | അപേക്ഷകന്റെയും മാതാപിതാക്കളുടെയും സ്കൂൾ സർട്ടിഫിക്കറ്റ്, കരം അടച്ച രസീത്, റേഷൻ കാർഡ്, മാതാപിതാക്കൾ ജോലിയുള്ളവരാണെങ്കിൽ അവരുടെ ശമ്പള സർട്ടിഫിക്കറ്റ്, കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തു വകകളുടെ വിശദാംശങ്ങൾ, സത്യവാങ്മൂലം. |
| 14 | വിവാഹ മോചിതരായ മാതാപിതാക്കളുടെ വരുമാനം കണക്കാക്കുന്നത് സംബ. | (ഇനം 7)<br>കുടുംബം എന്ന നിർവചനത്തിൽ ഉൾപ്പെടുന്ന എല്ലാവരുടെയും വരുമാനം പരിഗണിക്കണം. | വിവാഹ മോചിതരായ മാതാപിതാക്കളുടെ മക്കൾക്ക് EWS സർട്ടിഫിക്കറ്റ് നൽകുന്നതിനായി വിവാഹമോചിതരാകുന്നത് വരെയുള്ള മാതാപിതാക്കളുടെ വരുമാനം, ആസ്തി എന്നിവ കണക്കാക്കാവുന്നതാണ്.<br>അപേക്ഷകന്റെയോ അപേക്ഷകയുടെയോമാതാവോ പിതാവോ വിവാഹബന്ധം വേർപെടുത്തിയശേഷം ഉപേക്ഷിച്ച് പോയിട്ടുള്ള പക്ഷം അത്തരത്തിൽ ഉപേക്ഷിച്ച പോയ മാതാവിന്റെ/പിതാവിന്റെ വരുമാനം കുടുംബ വാർഷിക വരുമാന നിർണ്ണയത്തിന് പരിഗണിക്കേണ്ടതില്ല എന്ന വ്യവസ്ഥ കൂടി പരിശോധിക്കാവുന്നതാണ്.<br>(21.10.2022 ലെ Rev T2/243/22/Rev നംബർ സർക്കാർ കത്ത്.) |